| പതിനാലാം കേരള നിയമസഭ | |
|---|---|
| രണ്ടാം സമ്മേളനം | |
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.21 | 26/09/2016 ൽ മറുപടിക്ക് |
| ബാർ കോഴ കേസ് | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.കെ.ദാസൻ<br>ശ്രീ.ജെയിംസ് മാത്യു | | ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി ) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് നടന്ന ബാർ കോഴ കേസ് വിജിലൻസ് ഉന്നത ഉദ്യോഗസ്ഥന്മാരെ ഉപയോഗിച്ച് അട്ടിമറിച്ചെന്ന ഗുരുതരമായ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ അഴിമതി ആരോപണങ്ങളെയും അത് അട്ടിമറിക്കാൻ നടത്തിയ ശ്രമങ്ങളെയും കുറിച്ച് വിശദമായ പുനരന്വേഷണം നടത്തുമോ; | (എ) യും (ബി) യും | 27/06/2015-ൽ ഡയറക്ടറായിരുന്ന ശ്രീ.വിൻസൺ.എം.പോൾ ഐ.പി.എസ്, ആണ് മതിയായ തെളിവില്ല എന്ന കാരണത്താൽ ശ്രീ.കെ.എം.മാണി പ്രതിയായ വി.സി.06/14/എസ്.ഐ.യു-1 ന്റെ തുടർ നടപടികൾ അവസാനിപ്പിച്ച് കോടതിയിൽ റിപ്പോർട്ട് നൽകുവാൻ അന്വേഷണ ഉദ്യോഗസ്ഥനായ പോലീസ് സൂപ്രണ്ട് ശ്രീ.സുകേശന് നിർദ്ദേശം നൽകിയത്. ശ്രീ.വിൻസൺ.എം.പോൾ ഐ.പി.എസ് സർവ്വീസിൽ നിന്നും 30/11/2015-ൽ വിരമിച്ചശേഷം മുഖ്യ വിവരാവകാശ കമ്മീഷണറായി പുനർനിയമനം നൽകിയിരിക്കുകയാണ്. 29/10/2015-ലെ വിജിലൻസ് കോടതി വിധിയുടെ അടിസ്ഥാനത്തിൽ നടത്തിയ പുനരന്വേഷണത്തിനുശേഷവും തുടർ നടപടികൾ അവസാനിപ്പിച്ച് കോടതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന നിർദ്ദേശം അന്വേഷണ ഉദ്യോഗസ്ഥന് നൽകുകയും, അന്വേഷണ ഉദ്യോഗസ്ഥനായ ശ്രീ.സുകേശനെതിരെ സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്ത ശ്രീ.ശങ്കർ റെഡ്ഡി ഐ.പി.എസ് ഇപ്പോൾ ഡി.സി.ആർ.ബി.-യുടെ തലവനാണ്.<br>കേസ് അട്ടിമറിച്ചു എന്ന പരാതിയിൻമേൽ സി.എം.പി. 991/2016-ൽ 23/09/2016-ൽ വിജിലൻസ് കോടതി ഉത്തരവിട്ട പ്രാഥമികാന്വേഷണം (സത്വരാന്വേഷണം) പൂർത്തിയായ ശേഷമേ കേസ് അട്ടിമറിയെപ്പറ്റി ശരിയായ നിഗമനത്തിലെത്താനും, തുടർ നടപടികളെപ്പറ്റി തീരുമാനമെടുക്കാനും സാധിക്കുകയുള്ളു. |
| (ബി) | കേസ് ഡയറിയിൽ പോലും മാറ്റം വരുത്തുവാൻ അക്കാലത്തെ വിജിലൻസ് ഡയറക്ടറുടെമേൽ സമ്മർദ്ദം ചെലുത്തിയെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ തന്നെ വെളിപ്പെടുത്തിയതിന്റെ പശ്ചാത്തലത്തിൽ കേസ് അട്ടിമറിച്ച ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽ നിന്നും മാറ്റി നിർത്തുവാൻ നടപടിയുണ്ടാകുമോ; | | |

| | | | |
|---|---|---|---|
| (സി) | തെളിവുകൾ നശിപ്പിച്ചവർക്കെതിരെയും നശിപ്പിക്കാൻ പ്രേരിപ്പിച്ചവർക്കെതിരെയും ക്രിമിനൽ ചട്ടപ്രകാരമുള്ള നടപടിയെടുക്കുവാൻ തയ്യാറാകുമോ? | (സി) | വി.സി.06/14/എസ്.ഐ.യു-1 ന്റെ കേസന്വേഷണ വേളയിലും, പുനരന്വേഷണ വേളയിലും തെളിവുകൾ നശിപ്പിയ്ക്കുവാൻ പ്രേരണ നൽകിയവർ ആര് എന്നതിനെപ്പറ്റി കൃത്യമായ വിവരം ഇപ്പോൾ നടക്കുന്ന (27/08/2016-ലെ കോടതി ഉത്തരവിൻ പ്രകാരം) വി.സി.06/14/എസ്.ഐ.യു-1 ന്റെ തുടർ അന്വേഷണം പൂർത്തിയായാൽ മാത്രമേ കൃത്യമായും, പൂർണ്ണമായും അറിയുവാൻ സാധിക്കുകയുള്ളൂ. ഈ വിഷയം കോടതിയുടെ പരിഗണനയിലിരിക്കുകയാണെന്നുവരികിലും കേസ് അട്ടിമറിച്ചു എന്ന പരാതിയിന്മേൽ (സി.എം.പി. 991/2016) 23/09/2016-ൽ തിരുവനന്തപുരം വിജിലൻസ് കോടതി ഒരു പ്രാഥമികാന്വേഷണം നടത്താൻ ഉത്തരവിട്ടിരിക്കുന്നതിനാൽ അപ്രകാരം ഒരന്വേഷണം നടത്തി വിജിലൻസ് കോടതിയ്ക്ക് റിപ്പോർട്ട് നൽകുന്നതാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ തെളിവുകൾ നശിപ്പിച്ചോ എന്നോ, പ്രേരണ നൽകിയോ എന്നോ അറിയാൻ സാധിയ്ക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**